## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 15.12.2015 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം. 2948

### അനാദായകരമായ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ; | (എ) | പൊതു വിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നതായി വിലയിരുത്തിയിട്ടില്ല. |
| (ബി) | സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ സംബന്ധിച്ച ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ട സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ;സ്കൂളുകൾ അനാദായകരമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (സി) | അനാദായകരമായ സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്. പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണത്തിൽ ക്രമാനുഗതമായ കുറവ് കഴിഞ്ഞ കുറേ വർഷങ്ങളായി കാണപ്പെടുന്നുണ്ട്. സി.ബി.എസ്.ഇ സ്കൂളുകളോടുള്ള ആഭിമുഖ്യവും അൺ എയ്ഡഡ് സ്കൂളുകളിൽ കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നതും പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറയാൻ കാരണമായിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | അനാദായകരമായതിനാൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ എണ്ണം എത്ര; | (ഡി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സ്കൂളുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ഇ) | സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ഫോക്കസ് 15 എന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതിയിലൂടെ 50 കുട്ടികളിൽ കുറവുള്ള 1423 സ്കൂളുകളെ പ്രത്യേക പരിഗണന അർഹിക്കുന്ന സ്കൂളുകളുടെ ഗണത്തിൽപ്പെടുത്തി സെൻസിറ്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ച് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി, അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുകയുണ്ടായി. ഇതിന്റെ ഫലമായി പല അനാദായകരമായ വിദ്യാലയങ്ങൾ ഈ വർഷം ആദായകരമായി മാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ